ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:27.09.2025**

## പ്രധാനവാർത്തകൾ

1. ഒഡിഷ സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വദേശി 4G നെറ്റ്‌വർക്ക് ഉൾപ്പെടെ വിവിധ പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിച്ചു; പാലക്കാട് ഉൾപ്പെടെ എട്ട് ഐ ഐ ടികളുടെ വികസനത്തിനും തറക്കല്ലിട്ടു.
2. കേരളത്തിലെത്തിയ കേന്ദ്ര മന്ത്രി ജെ പി നഡ്ഡ, കേന്ദ്ര സഹമന്ത്രിമാരായ എൽ മുരുഗൻ, ജോർജ് കുര്യൻ എന്നിവർ കൊല്ലത്ത് മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നു.
3. പുതുതലമുറ ആരോഗ്യ പ്രശ്നങ്ങളെ നേരിടാനുള്ള നടപടികളുമായാണ് സംസ്ഥാന സർക്കാർ മുന്നോട്ട് പോകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ
4. പത്തനംതിട്ടയിൽ അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചതോടെ ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്.
5. സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; വടക്കൻ കേരളത്തിൽ 4 ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരള, കർണാടക,

PNUTVPM

ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

6. ഏഷ്യാകപ്പ് ടി - ട്വന്റി ക്രിക്കറ്റ് ഫൈനലിൽ നാളെ ഇന്ത്യ-പാക് പോരാട്ടം.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി -ഒഡിഷ

ഒഡിഷയിലെ ജാർസുഗുഡയിൽ അറുപതിനായിരം കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്ക്- പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു.

പൊതുസമ്മേളനത്തെ ശ്രീ മോദി അഭിസംബോധന ചെയ്യുകയാണ്. ടെലികോം കണക്റ്റിവിറ്റി മേഖലയിൽ, സ്വദേശി സാങ്കേതികവിദ്യ ഉപയോഗിച്ച് ഏകദേശം 37,000 കോടി രൂപ ചെലവിൽ നിർമ്മിച്ച 97,500-ലധികം മൊബൈൽ 4G ടവറുകൾ പ്രധാനമന്ത്രി കമ്മീഷൻ ചെയ്തു. ഇതിൽ ബിഎസ്എൻഎൽ കമ്മീഷൻ ചെയ്ത 92,600-ലധികം 4G സാങ്കേതിക സൈറ്റുകളും ഉൾപ്പെടുന്നു.

PNU TVPM

&&&&&&&&&&&&&&&&&&

## പി.എം - പാലക്കാട്

പാലക്കാട് ഉൾപ്പെടെ എട്ട് IIT കളുടെ രണ്ടാംഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ശിലാസ്ഥാപനവും പ്രധാനമന്ത്രി ഓൺലൈനായി നിർവഹിച്ചു. ഇതിന്റെ ഭാഗമായി 2,600 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പാലക്കാട് നടക്കുക. പാലക്കാട് ഐ. ഐ. ടി യിൽ നടന്ന ചടങ്ങിൽ ഒഡിഷയിലെ ഉദ്ഘാടന ചടങ്ങ് തത്സമയം പ്രദർശിപ്പിച്ചു.

&&&&&&&&&&&&&&&&&&

## എൽ. മുരുഗൻ

ഏകദിന സന്ദർശനത്തിനായി കേരളത്തിലെത്തിയ കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ, കേന്ദ്ര സഹമന്ത്രിമാരായ എൽ മുരുഗൻ,

ജോർജ് കുര്യൻ  എന്നിവർ ഇന്ന് കൊല്ലത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. മാതാ അമൃതാനന്ദമയിയുടെ 72-ാം ജന്മദിനാഘോഷ പരിപാടിയുടെ ഭാഗമായി  വള്ളിക്കാവ് അമൃത വിശ്വ വിദ്യാപീഠം ക്യാമ്പസിലെ അമൃത വർഷം പരിപാടിയിൽ  മന്ത്രിമാർ പങ്കെടുക്കുകയാണ്.  കൊല്ലത്ത് ചേരുന്ന  BJP സംസ്ഥാനസമിതി യോഗത്തിലും മന്ത്രിമാർ പങ്കെടുക്കും. പാർട്ടി ദേശീയ അധ്യക്ഷൻ JP നഡ്ഡ യോഗം ഉദ്ഘാടനം  ചെയ്യും. നേരത്തെ തിരുവനന്തപുരം വിമാനത്താവളത്തിൽ ശ്രീ ജെ പി നദ്ദയ്ക്കും  ശ്രീ എൽ. മുരുഗനും ബി ജെ പി പ്രവർത്തകരുടെ നേതൃത്വത്തിൽ സ്വീകരണം നൽകി.

&&&&&&&&&&&&&&&&&

## ഗവർണർ-കൊല്ലം

മാതാ അമൃതാനന്ദമയിയിയുടെ 72-ാം ജന്മദിനാഘോഷം കൊല്ലം വള്ളിക്കാവ് അമൃതപുരിയിൽ പുരോഗമിക്കുന്നു. ഗവർണർ രാജേന്ദ്ര  വിശ്വനാഥ് ആർലേക്കർ മാതാ അമൃതാനന്ദമയിക്ക് പുഷ്പഹാരം ചാർത്തി ജന്മദിനാശംസ നേർന്നു.

PNU TVPM

&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി (ഇൻട്രോ)

ആരോഗ്യ രംഗത്ത് രാജ്യത്തിന്  മാതൃകയായ നിരവധി നേട്ടങ്ങൾ കരസ്ഥമാക്കിയ സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചിയിൽ ലോക കേരള സഭ - ആഗോള പ്രൊഫഷണൽ മീറ്റ് ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ലൈഫ്സയൻസ്, ഐടി ഉൾപ്പെടെ നിരവധി മേഖലകളിൽ കേരളം വലിയ നേട്ടം കൈവരിച്ചതായും മുഖ്യമന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്.......)

&&&&&&&&&&&&&&&&&

## മസ്തിഷ്കജ്വരം

റാന്നി പെരുനാട് കണ്ണനുമൺ സ്വദേശിക്ക് അമീബിക് മസ്തിഷ്കജ്വരം സ്ഥിരീകരിച്ചതോടെ പത്തനംതിട്ട ജില്ലയിൽ ആരോഗ്യവകുപ്പ് ജാഗ്രത ശക്തമാക്കി. രോഗം വന്ന സാഹചര്യം മനസിലാക്കാൻ രോഗിയുടെ വീട്ടിലെയും ജോലി സ്ഥലത്തെയും വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയച്ചു. ജില്ലയിൽ ആദ്യമായാണ് മസ്തിഷ്കജ്വരം റിപ്പോർട്ട് ചെയ്യുന്നത്.

&&&&&&&&&&&&&&&&&&

## ഫുഡ് സ്ട്രീറ്റ്സ്- മന്ത്രി വീണാ ജോർജ്

ഫുഡ് സ്ട്രീറ്റ്സ് ആധുനികവൽക്കരണം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് തിരുവനന്തപുരം ശംഖുമുഖം, എറണാകുളം കസ്തൂർബാ നഗർ, കോഴിക്കോട് ബീച്ച്, മലപ്പുറം കോട്ടക്കുന്ന് എന്നീ സ്ഥലങ്ങളിൽ ഫുഡ് സ്ട്രീറ്റുകൾ സജ്ജമായി. എറണാകുളത്തെ ഫുഡ് സ്ട്രീറ്റിന്റെ ഉദ്ഘാടനം ഇന്ന് വൈകിട്ട് മന്ത്രി വീണാ ജോർജ് നിർവഹിക്കും. ഒരു കോടി രൂപ വീതം ചെലവഴിച്ച് ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചാണ് ആധുനിക ഫുഡ് സ്ട്രീറ്റുകൾ നിർമ്മിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&

RNU TVPM

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## ലോക ടൂറിസം ദിനം

ഇന്ന് ലോക ടൂറിസം ദിനം. 1980 ൽ ഐക്യരാഷ്ട്ര സഭയുടെ വേൾഡ് ടൂറിസം സംഘടനയാണ് സെപ്റ്റംബർ 27 ലോക ടൂറിസം ദിനമായി ആചരിക്കാൻ തീരുമാനിച്ചത്. 'ടൂറിസവും സുസ്ഥിര പരിവർത്തനവും' എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - ടൂറിസം

വിദേശ സഞ്ചാരികളുടെ വരവിൽ കേരളത്തിൽ ഗണ്യമായ വർധനയുണ്ടായതായി മുഖ്യമന്ത്രി പിണറായി വിജയൻ.
ഈ വർഷം ജനുവരി മുതൽ മാർച്ച് വരെ രണ്ട് ലക്ഷത്തി 74,028 വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചതായും മുഖ്യമന്ത്രി സമൂഹമാധ്യമത്തിൽ അറിയിച്ചു. ആഭ്യന്തര ടൂറിസം രംഗം വലിയ വളർച്ച നേടിയതായും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## കണ്ണൂർ -തീര ശുചീകരണം (ഇൻട്രോ)

വിനോദസഞ്ചാരികളെ ആകർഷിക്കുന്ന നിരവധി ബീച്ചുകളാൽ സമ്പന്നമാണ് കണ്ണൂർ ജില്ലയിലെ തീരപ്രദേശം.
ലോക ടൂറിസം ദിനത്തിൻറെ ഭാഗമായി കണ്ണൂർ പയ്യാമ്പലം ബീച്ച് ശുചീകരിച്ചു.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി**

**കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.... (വോയ്സ്)**

RNU TVPM

&&&&&&&&&&&&&&&&&&

## ജി എസ് ടി - ടൂറിസം

ടൂറിസത്തെ കൂടുതൽ താങ്ങാനാവുന്നതാക്കി മാറ്റുന്നത് ലക്ഷ്യമിട്ട് ഗണ്യമായ നികുതി ഇളവുകളാണ് പുതിയ ജിഎസ്ടി പരിഷ്ക്കാരങ്ങൾ പ്രകാരം, കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത്. പ്രതി ദിനം 7,500 രൂപയിൽ താഴെയുള്ള ഹോട്ടൽ മുറികളുടെ ജിഎസ്ടി 5 ശതമാനമായി കുറച്ചു. ആഭ്യന്തര ടൂറിസം വർദ്ധിപ്പിക്കാനും, അന്താരാഷ്ട്ര സന്ദർശകരെ ആകർഷിക്കുകയാണ് ലക്ഷ്യം.

&&&&&&&&&&&&&&&&&&

## സേവാ പർവ് - പുരാവസ്തുക്കൾ (ഇൻട്രോ)

പൊതുസേവനവും, സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ, ഇന്ത്യയുടെ സാംസ്കാരിക അഭിമാനത്തെ

പുനരുജ്ജീവിപ്പിച്ചതിനെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പര്‍വ്വില്‍ ഇന്ന്.

(വോയ്സ്)

<u>സേവാ പര്‍വ് - പുരാവസ്തുക്കള്‍ (വോയ്സ്)</u>

(മ്യൂസിക്)

വിദേശത്ത് നിന്ന് മോഷ്ടിക്കപ്പെട്ട വിഗ്രഹങ്ങളും അമൂല്യ വസ്തുക്കളും തിരികെ കൊണ്ടുവരുന്നത് മുതല്‍, വളരെക്കാലമായി നഷ്ടപ്പെട്ട പുരാവസ്തുക്കള്‍ പുനഃസ്ഥാപിക്കുന്നത് വരെ നിരവധി പ്രവര്‍ത്തനങ്ങളാണ് രാജ്യത്തിന്‍്റെ സാംസ്കാരിക പുനരുജ്ജീവനത്തിനായി കേന്ദ്രം നടത്തിയത്. പൈതൃകം വെറും ചരിത്രമല്ല, അത് മനുഷ്യത്വത്തിന്റെ പങ്കുവയ്ക്കപ്പെട്ട അറിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. **(പി എം വോയിസ്)**

2014 മുതല്‍ മോഷ്ടിക്കപ്പെട്ട 642 പുരാവസ്തുക്കള്‍ കണ്ടെത്തിയിട്ടുണ്ട്. ഒരിക്കല്‍ വിദേശത്തേക്ക് കടത്തപ്പെട്ട പുരാവസ്തുക്കളില്‍ പലതും ഇപ്പോള്‍ നയതന്ത്ര മാര്‍ഗങ്ങളിലൂടെയും നിയമനടപടികളിലൂടെയും സാംസ്കാരിക സഹകരണത്തിലൂടെയും തിരിച്ചെത്തിച്ചു വരികയാണ്.
(മ്യൂസിക്)

RNU TVPM

&&&&&&&&&&&&&&&&&

<u>മഴ</u>

സംസ്ഥാനത്ത് ഇന്നും വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂര്‍, കാസര്‍ ഗോഡ് ജില്ലകളില്‍ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എറണാകുളം മുതല്‍ മലപ്പുറം വരെയുള്ള ജില്ലകളില്‍ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്. കേരള, കര്‍ണാടക, ലക്ഷദ്വീപ് തീരങ്ങളില്‍ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്കേര്‍പ്പെടുത്തി.

&&&&&&&&&&&&&&&&&

## നദി - മഞ്ഞ ജാഗ്രത

പത്തനംതിട്ട അച്ചൻകോവിൽ നദി, തിരുവനന്തപുരം കരമന, നെയ്യാർ നദികളിൽ ജലനിരപ്പ് അപകടകരമായി ഉയരുന്ന പശ്ചാത്തലത്തിൽ കേന്ദ്ര ജല കമ്മീഷൻ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നദീ തീരത്തുള്ളവർ ജാഗ്രത പാലിക്കണം. നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ലെന്ന് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ഏഷ്യാകപ്പ് ടി 20 ക്രിക്കറ്റ് ഫൈനലിൽ നാളെ ഇന്ത്യയും പാകിസ്ഥാനും ഏറ്റുമുട്ടും. നാളെ രാത്രി എട്ടിന് ദുബായിലാണ് മത്സരം. ഇന്നലെ നടന്ന അവസാന സൂപ്പർ ഫോർ മത്സരത്തിൽ ശ്രീലങ്കയെ ഇന്ത്യ പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## അന്തരിച്ചു

ഇ എം എസ്സ് നമ്പൂതിരിപ്പാടിൻറെ മകൾ ഡോക്ടർ മാലതി ദാമോദരൻ ഇന്ന് പുലർച്ചെ അന്തരിച്ചു. 87 വയസ്സായിരുന്നു. സംസ്കാരം നാളെ ഉച്ചക്ക് 12 ന് തൈക്കാട് ശാന്തികവാടത്തിൽ നടക്കും. മാലതി ദാമോദരൻറെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി.

RNU TVPM

&&&&&&&&&&&&&&&&&&

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 126-ാം പതിപ്പ് നാളെ രാവിലെ 11 മണിക്ക്. ദൂരദർശൻറെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&&